LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance for poor പദ്ധതി മുഖേന ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. സൊസൈറ്റി അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കെ.ബി.എഫ് എന്നീ പദ്ധതികൾ വഴി എല്ലാ സർക്കാർ ആശുപത്രികളിലും എംപാനൽഡ് സ്വകാര്യ ആശുപത്രികളിലും ഡയാലിസിസ് സൗജന്യമായി ചെയ്യാവുന്നതാണ്. ആരോഗ്യകേരളം പാലിയേറ്റിവ് കെയർ പ്രൊജക്ട് പദ്ധതി പ്രകാരം വൃക്ക രോഗികൾക്കുവേണ്ട എറിത്രോപിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്.

(ബി) ഈ വിഭാഗത്തിലുള്ള രോഗികൾക്ക് കാൻസർ ബാധിത രോഗികൾക്ക് നൽകുന്നതുപോലെയുള്ള പെൻഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'സമാശ്വാസം' പദ്ധതി II പ്രകാരം ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് പ്രതിമാസം 1,600 രൂപ നൽകി വരുന്നുണ്ട്.

എക്സൈസ് വകുപ്പു മുഖേന നടപ്പാക്കുന്ന വിമുക്തി പദ്ധതി

163 (4888) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പു മുഖേന നടപ്പാക്കുന്ന വിമുക്തി പദ്ധതിയുടെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്?

തൃശ്ശൂർ ജില്ലയിൽ നിലവിൽ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വിമുക്തി ഡി അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും 3 ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സി.എച്ച്.സി., പഴയന്നൂർ സി.എച്ച്.സി. എന്നീ ആശുപത്രികൾ വിമുക്തി മിഷന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-യെ തെരഞ്ഞെടുത്തിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി. പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം സെന്ററുകളിൽ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വിമുക്തിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ ജില്ലയിലെ ലഹരിക്ക് അടിമകളായ കുട്ടികൾക്കും യുവാക്കൾക്കും വയോജനങ്ങൾക്കും ആവശ്യമായ ചികിത്സാ സംവിധാനങ്ങളും കൂടാതെ കൗൺസിലിംഗ്, ടെലി കൗൺസിലിംഗ് ഇവയൊക്കെ സൗജന്യമായി നൽകിവരുന്നു. ആവശ്യമായ മരുന്നുകളും സൗജന്യമായി നൽകിവരുന്നു. പ്രവർത്തനത്തിനാവശ്യമായ മുഴുവൻ ചെലവുകളും എക്സൈസ് വകുപ്പ് നേരിട്ട് വഹിക്കുന്നു.

(ഡി) പ്രസ്തുത കേന്ദ്രങ്ങൾ എന്ന് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

മുല്ലശ്ശേരി സാമൂഹികാരോഗ്യകേന്ദ്രം, പഴയന്നൂർ സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാകുന്നതാണ്.

(ഇ) പ്രസ്തുത സെന്ററുകളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകാമോ?

ചാലക്കുടി വിമുക്തി ഡീ- അഡിക്ഷൻ സെന്ററിൽ നിലവിൽ ഒരു മെഡിക്കൽ ഓഫീസർ, ഒരു സൈക്കോളജിസ്റ്റ്, ഒരു സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നേഴ്സ്, മൂന്ന് സെക്യൂരിറ്റി ജീവനക്കാർ എന്നിവർ ജോലി ചെയ്യുവരുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

164 (4889) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ ?

കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അറിയപ്പെടുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിലാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ രൂപം നൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ). എസ്.എച്ച്.എ.-ക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെയും നടത്തിപ്പ് ചുമതല. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ്